പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2830

27.01.2014 ലെ മറുപടിയ്ക്ക്

## ടൂറിസം വകുപ്പിന്റെ വെബ്സൈറ്റ് നവീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.പാലോട് രവി<br>ശ്രീ. ബെന്നി ബെഹനാൻ | | ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി |
| എ) ടൂറിസം വകുപ്പിന്റെ വെബ്സൈറ്റ് നവീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;<br>ബി) എന്തെല്ലാം സൗകര്യങ്ങളാണ് നവീകരണം വഴി വെബ്സൈറ്റിലൂടെ ലഭിക്കുന്നതെന്ന് വിശദമാക്കുമോ ; | (എ & ബി) | ഉണ്ട്. കേരളാ ടൂറിസം വെബ്സൈറ്റ് നവീകരിച്ച് റെസ്പോൺസീവ് ഡിസൈൻ എന്ന പുതിയ സംവിധാനത്തിലേക്കു കൊണ്ടു വന്നിട്ടുണ്ട്. ഇതു മൂലം വെബ്സൈറ്റിലേക്കെത്തുവാൻ ആളുകൾ തിരഞ്ഞെടുക്കുന്ന ഉപകരണത്തിനനുസരിച്ച് ഡിസൈനും മാറും. ഉദാഹരണത്തിന് മൊബൈലിൽ വെബ്സൈറ്റെടുക്കുന്ന ആളിന് അതനുസരിച്ചുള്ള ഡിസൈനും ഡെസ്ക്ടോപ്പിൽ വെബ്സൈറ്റ് എടുക്കുന്ന ആളിന് അതനുസരിച്ചുള്ള ഡിസൈനുമായിരിക്കും ലഭിക്കുന്നത്.<br>ഇതു കൂടാതെ വെബ്സൈറ്റിന്റെ ഡിസൈൻ ആധുനികമാക്കുകയും, ടൂർ പ്ലാനർ, മെസ്സേജ് ബോർഡ് തുടങ്ങി വിനോദ സഞ്ചാരികൾക്ക് യാത്രാപരിപാടി പ്ലാൻ ചെയ്യാനുള്ള ഓൺലൈൻ സോഫ്റ്റ് വെയർ സൗകര്യങ്ങൾ നവീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സൈറ്റിലൂടെ 1500 ൽ അധികം ഫോട്ടോകളും 3000 ൽ അധികം വീഡിയോകളും ലഭ്യമാണ്. ഈ സൈറ്റിൽ 75000 ൽ പരം പേജുകൾ പ്രമുഖ സെർച്ച് എഞ്ചിനായ ഗൂഗിളിൽ ലിസ്റ്റ് ചെയ്തിട്ടുണ്ട്. |
| സി) എത്ര ഭാഷകളിലാണ വെബ്സൈറ്റുകൾ ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) | പതിനൊന്നു വിദേശ ഭാഷകളിലും ഏഴ് ഇന്ത്യൻ ഭാഷകളിലും വെബ്സൈറ്റ് ലഭ്യമാണ്. |

| | | | |
|---|---|---|---|
| ഡി) | സംസ്ഥാനത്തിന്റെ വിനോദസഞ്ചാരവളർച്ചയ്ക്ക് വെബ്സൈറ്റ് നവീകരണം എത്ര മാത്രം സഹായകരമാകമെന്നാണ കരുതുന്നത് ; വിശദാംശങ്ങൾ നൽകാമോ ? | (ഡി) | ഇന്ന് വിനോദസഞ്ചാര വളർച്ചയ്ക്ക് ഏറ്റവും ഉത്തമമായ മാർഗ്ഗമായി വെബ്സൈറ്റ് മാറിയിട്ടുണ്ട്. www.keralatourism.org എന്ന ടൂറിസം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഇന്ന് പ്രതിമാസം 250000 സന്ദർശകർ എത്തുന്നുണ്ട്. പ്രതിമാസമുള്ള പേജ് വിസിറ്റ് പത്തു ലക്ഷത്തിലധികമായിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയ്ക്കനുസരണമായി വെബ്സൈറ്റിൽ കാലികമായ മാറ്റങ്ങൾ കൊണ്ടു വന്നത് വെബ്സൈറ്റിന്റെ പ്രചരണത്തിനും സംസ്ഥാനത്തിന്റെ ടൂറിസം രംഗത്തുള്ള വളർച്ചയ്ക്കും സഹായകമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ